# കേരള ഭൂസംരക്ഷണ നിയമം 1957

ILDM

Prepared by Team ILDM

# കേരള ഭൂസംരക്ഷണ നിയമം 1957

സർക്കാർ ഭൂമി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നില നിൽക്കുന്ന നിയമമാണ് 1957-ലെ കേരളാ ഭൂസംരക്ഷണ നിയമവും, അതുമായി ബന്ധപ്പെട്ട 1958-ലെ ചട്ടങ്ങളും. ഇന്ത്യൻ ഭരണഘടനാ തത്വങ്ങൾ അനുസരിച്ച് പൊതുസ്വത്ത് കാര്യക്ഷമമായി സംരക്ഷിക്കേണ്ടതും സർക്കാരിന്റെ സ്വത്തുക്കൾ നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടതും സർക്കാർ ഉദ്യോഗസ്ഥരുടെ പ്രധാനപ്പെട്ട ഉത്തര വാദിത്തമാണ്.

1958-ലെ ഭൂസംരക്ഷണ ചട്ടങ്ങളുടെ ചട്ടം 4 പ്രകാരം റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രാഥമിക ധർമ്മം സർക്കാർ ഭൂമിയുടെ സംരക്ഷണവും, കയ്യേറ്റം ഒഴിവാക്കലുമാണെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. സർക്കാർ ഭൂമി എന്ന നിർവ്വചനത്തിൽ വരുന്ന മുഴുവൻ ഭൂമിയ്ക്കും ഈ ചട്ടം ബാധകമാണ്.

സർക്കാർ ഭൂമി എന്നത് എന്ത് എന്ന് 1957-ലെ ഭൂസംരക്ഷണ നിയമത്തിലെ 3, 4 വകുപ്പുകളിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത വകുപ്പു കളുടെ വിശദമായ വിശകലനത്തിൽ തണ്ടപ്പേർ (ചിറ്റ/പട്ട) രജിസ്റ്ററിലും, അടി സ്ഥാന ഭൂനികുതി (BTR) രജിസ്റ്ററിലും സ്വകാര്യഭൂമി എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമികൾ ഒഴികെയുള്ള മുഴുവൻ ഭൂമികളും സർക്കാർ ഭൂമിയായി കണക്കാക്കേ ണ്ടതുണ്ട്.

ഇപ്രകാരമുള്ള സർക്കാർ ഭൂമികളുടെ സംരക്ഷണം പൊതുവിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണെങ്കിലും താഴെ പറയുന്ന ഭൂമികളുടെ സംരക്ഷണം അതുമായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ കർത്തവ്യ നിർവ്വഹണത്തിൽപ്പെടുന്നു.

| | | | |
|---|---|---|---|
| 1 | വനഭൂമി | വനസംരക്ഷണനിയമം, 1980 | വനം വകുപ്പ്, ഡിവിഷ ണൽ ഫോറസ്റ്റ് ഓഫീസർ |
| 2 | കടൽത്തീരവും കടലും | CZR (Costal Zone Regulation Act) നിയമം | ബന്ധപ്പെട്ട പോർട്ട് ഓഫീസർ (കേന്ദ്ര സർക്കാർ) |
| 3 | പി.ഡബ്ല്യൂ.ഡി റോഡുകൾ | ഹൈവേ പ്രൊട്ടക്ഷൻ ആക്ട് - കേരള ഭൂസംര ക്ഷണ നിയമം 1957 | എക്സിക്യൂട്ടീവ് എഞ്ചി നീയർ, പൊതുമരാമത്ത് വകുപ്പ് |
| 4 | റോഡുകൾ, തോടുകൾ, നിരത്തുകൾ, കുളങ്ങൾ, നദികൾ | പഞ്ചായത്തീരാജ് നിയമം 1994 | പഞ്ചായത്ത് സെക്രട്ടറി |
| 5 | ഇലക്ട്രിസിറ്റി ബോർഡിന്റെ ഭൂമികൾ | കേരള ഭൂസംരക്ഷണ നിയമം 1957 | എക്സിക്യൂട്ടീവ് എഞ്ചി നീയർ, കെ.എസ്.ഇ.ബി |

01.08.1971-ന് മുമ്പ് റവന്യൂ ഭൂമി കൈയ്യേറിയവരെ കൈയ്യേറ്റക്കാരുടെ ഗണത്തിൽപ്പെടുത്താൻ കഴിയില്ല. ഇവർക്ക് നിയമാനുസൃത പട്ടയം നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പാണ് സ്വീകരിക്കേണ്ടത്.

വനഭൂമിയിലെ 01.01.1977-ന് മുമ്പുള്ള കൈയ്യേറ്റക്കാരെ മലയോര കർഷകരായി പരിഗണിച്ച് ഒഴിപ്പിക്കൽ നടപടികളിൽ നിന്നും ഒഴിവാക്കി 1993-ലെ സ്പെഷ്യൽ റൂൾസ് പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്.

വനഭൂമി 13.12.2005-ന് മുമ്പ് കൈവശം വച്ച് അനുഭവിച്ചു വരുന്ന ആദിവാസി കുടുംബങ്ങൾക്ക് 2006-ലെ വനാവകാശനിയമ പ്രകാരം Record of Right നൽകി പ്രസ്തുത കൈയ്യേറ്റം സാധൂകരിക്കേണ്ടതാണ്.

മേൽ പ്രസ്താവിച്ച ഭൂമികളിൽ ഒഴികെ മറ്റേതൊരു സർക്കാർ ഭൂമിയിൽ കയ്യേറ്റം കാണുകയാണെങ്കിൽ ആയത് ബന്ധപ്പെട്ട തഹസിൽദാർക്ക് വില്ലേജ് ഓഫീസർ താമസംവിനാ റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ താഴെ പറയുന്ന 4 പ്രധാന സംഗതികൾ ഉണ്ടാകേണ്ടതാണ്.

1. ഫാറം നം. A യിലെ റിപ്പോർട്ട്: - ഫാറം നം. അ യിലെ റിപ്പോർട്ട് ചട്ടം 4 പ്രകാരമാണ് നല്കേണ്ടത്. പ്രസ്തുത ഫാറത്തിൽ താലൂക്ക് തഹസിൽദാരുടെയും, വില്ലേജ് ഓഫീസറുടെയും പേര് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. കയ്യേറ്റത്തിനു വിധേയമായ ഭൂമി ഏത് സർവ്വെ നമ്പറിലാണ് ഉള്ളതെന്നും പ്രസ്തുത സർവ്വേ നമ്പറിന്റെ മുഴുവൻ വിസ്തൃതിയും എഴുതേണ്ടതാണ്. ഭൂമിയെ സംബന്ധിച്ച കൃത്യമായ വിവരവും എത്ര ഭൂമി കയ്യേറ്റത്തിനു വിധേയമായിട്ടുണ്ടെന്നും റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. കയ്യേറിയ ആളിന്റെ പേര്, വിലാസം, പ്രസ്തുത വ്യക്തി പട്ടികജാതി, വിമുക്തഭടൻ, ബി.പി.എൽ വിഭാഗത്തിൽപ്പെട്ടയാളാണോ എന്ന വിവരവും, പ്രസ്തുത കക്ഷിയുടെ കയ്യിൽ നിലവിൽ ഏതെങ്കിലും ഭൂമി ഉണ്ടോ എന്നും രേഖപ്പെടുത്തണം. കയ്യേറിയ ഭൂമിയിലെ ചമയങ്ങളെ സംബന്ധിച്ച വിവരം, കയ്യേറ്റത്തിന്റെ കാലപ്പഴക്കം എന്നിവ രേഖപ്പെടുത്തണം. നിരോധന കരം മുമ്പ് എപ്പോഴെങ്കിലും ചുമത്തിയിട്ടുണ്ടെങ്കിൽ ആ വിവരം ചേർത്ത് വില്ലേജ് ഓഫീസറുടെ ഒപ്പോടുകൂടി വേണം A ഫാറം സമർപ്പിക്കേണ്ടത്.
2. എഫ്.എം.ബി (FMB) യുടെ പകർപ്പിലോ, സർവ്വേ ചെയ്ത സ്കെച്ചിലോ കയ്യേറിയ ഭൂമി കൃത്യമായി അളന്ന് ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ടതാണ്.

3. പ്രസ്തുത ഭൂമിയുടെ സർവ്വെ നമ്പർ ഉൾപ്പെട്ട അടിസ്ഥാന ഭൂനികുതി (BTR) രജിസ്റ്ററിന്റെയും പകർപ്പ് (BTR ഇല്ലെങ്കിൽ പുറമ്പോക്ക് രജിസ്റ്ററിന്റെയും പകർപ്പുകൾ)
4. വിശദമായ മഹസ്സർ: പ്രസ്തുത മഹസ്സറിൽ നിയമവിരുദ്ധ പ്രവൃത്തിയെ സംബന്ധിച്ച വിവരവും, ആയതിന്റെ സ്വഭാവം, ആയത് നടന്ന സാഹചര്യം, നിയമവിരുദ്ധ പ്രവൃത്തിക്ക് പ്രേരിപ്പിച്ച ആളിന്റെ/ആളുകളുടെ വിവരം, നഷ്ടപ്പെട്ട ഭൂമിയുടെ വിവരം, ഏകദേശ വില എന്നിവ ഉൾപ്പെടെ രേഖപ്പെടുത്തേണ്ടതാണ്. ഈ മഹസ്സർ രണ്ട് സ്വതന്ത്ര സാക്ഷികളെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ നാല് സംഗതികളും തഹസിൽദാർക്ക് സമർപ്പിക്കുന്നതോടൊപ്പം തന്നെ ഒരു പകർപ്പ് ഏത് പോലീസ് സ്റ്റേഷൻ പരിധിയിലാണോ ഭൂമി സ്ഥിതി ചെയ്യുന്നത് പ്രസ്തുത പോലീസ് സ്റ്റേഷനിൽ നല്കേണ്ടതും, ആയത് ഒരു പരാതിയായി രേഖപ്പെടുത്തിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്താൽ മാത്രമേ 2009-ലെ പുതുക്കിയ ഭൂസംരക്ഷണ നിയമപ്രകാരം ക്രിമിനൽ നടപടി ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ തുടങ്ങുവാൻ പോലീസ് വകുപ്പിന് കഴിയുകയുള്ളൂ. ആയതിനാൽ തന്നെ ഇപ്രകാരമുള്ള റിപ്പോർട്ട് സർക്കാർ ഭൂമിയുടെ സംരക്ഷണത്തിൽ പ്രാധാന്യം അർഹിക്കുന്നു.

<u>സർക്കാർ ഭൂമിയിൽ നിന്നും പാറ, മണൽ, മരങ്ങൾ മുതലായവ മോഷ്ടിക്കപ്പെടുന്നതിനെതിരെയോ, അനധികൃതമായി എടുക്കുന്നതിനെതിരെയോ ഉള്ള നടപടികൾ:-</u>

സർക്കാർ ഭൂമിയിൽ നിന്നും അനുവാദം കൂടാതെ മണൽ, മണ്ണ്, പാറ, മറ്റ് ഖനിജങ്ങൾ, മരം എന്നിവ കൊണ്ടുപോകുന്ന വ്യക്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തഹസിൽദാർക്ക് അടിയന്തിരമായി റിപ്പോർട്ട് നല്കേണ്ടതുണ്ട്. ഇതിനായി താഴെ പറയുന്ന നാല് റിപ്പോർട്ടുകൾ തഹസിൽദാർക്ക് നല്കേണ്ടതാണ്.

1. ഫാറം AA യിലെ റിപ്പോർട്ട്:- റിപ്പോർട്ടിന്റെ തുടക്കത്തിൽ തന്നെ തഹസിൽദാരുടേയും വില്ലേജ് ഓഫീസറുടേയും പേരുവിവരം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ, നിയമവിരുദ്ധ പ്രവൃത്തി നടന്ന സർക്കാർ ഭൂമിയുടെ സർവ്വേ നമ്പർ, നിയമവിരുദ്ധ പ്രവൃത്തിയുടെ സ്വഭാവം, പ്രവൃത്തി ചെയ്ത ആളിന്റെ പേരും, മേൽവിലാസവും, നിയമവിരുദ്ധമായി കൊണ്ടുപോയിട്ടുള്ള വസ്തുക്കളുടെ വിവരണം, ഏകദേശവില എന്നിവ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ഇപ്രകാരം കൊണ്ടുപോയ വസ്തുക്കൾ ഏതെങ്കിലും പിടിച്ചെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരവും പ്രസ്തുത വസ്തുക്കൾ ഏതെങ്കിലും ഉദ്യോഗസ്ഥരെയോ വ്യക്തികളെയോ ഏല്പിക്കുകയാണെങ്കിൽ ആയതിന്റെ

വിവരവും (കൈപ്പറ്റ് രസീത് സഹിതം) എഴുതി വില്ലേജ് ഓഫീസറുടെ ഒപ്പോടു കൂടി റിപ്പോർട്ട് തഹസിൽദാർക്ക് നൽകേണ്ടതാണ്.

2. നിയമവിരുദ്ധമായ പ്രവൃത്തി നടന്ന ഭൂമിയുടെ എഫ്.എം.ബി (FMB) യുടെ പകർപ്പോ, സർവ്വെ ചെയ്ത് വരച്ചുണ്ടാക്കിയ സ്കെച്ചിന്റെയോ പകർപ്പ്.
3. അടിസ്ഥാന ഭൂനികുതി (BTR) രജിസ്റ്ററിന്റെയോ, പുറമ്പോക്ക് രജിസ്റ്ററിന്റെയോ പകർപ്പ്.
4. വിശദമായ മഹസ്സർ: പ്രസ്തുത മഹസ്സറിൽ നിയമവിരുദ്ധ പ്രവൃത്തിയെ സംബന്ധിച്ച വിവരവും, ആയതിന്റെ സ്വഭാവം, ആയത് നടന്ന സാഹചര്യം, നിയമവിരുദ്ധ പ്രവൃത്തിക്ക് പ്രേരിപ്പിച്ച ആൾ/ആളുകളുടെ വിവരം, നഷ്ടപ്പെട്ട വസ്തുവിന്റെ വിവരം, ഏകദേശ വില എന്നിവ ഉൾപ്പെടെ രേഖപ്പെടുത്തേണ്ടതാണ്. ഈ മഹസ്സർ രണ്ട് സ്വതന്ത്ര സാക്ഷികളെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

സ്വതന്ത്ര സാക്ഷികളെ തീരുമാനിക്കുമ്പോൾ പ്രസ്തുത സാക്ഷികൾ പ്രദേശവാസികളും 60 വയസ്സിനു മുകളിൽ പ്രായമുള്ള സ്ഥിരബുദ്ധിയുള്ളതും മദ്യം, മയക്കുമരുന്ന് മുതലായവ ഉപയോഗിക്കാത്തവരുമായിരിക്കുന്നതാണ് ഉത്തമം.

സർക്കാർ ഭൂമിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് മേൽ പ്രസ്താവിച്ച കടമകൾ കൂടാതെ മറ്റു ചില കടമകൾ കൂടി വില്ലേജ് ഓഫീസ് തലം വരെയുള്ള ഉദ്യോഗസ്ഥർ നിർവഹിക്കേണ്ടതുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1. നോട്ടീസ് നല്കലും പതിച്ച് നടത്തലും:- തഹസിൽദാർ പുറപ്പെടുവിക്കുന്ന ഫാറം B, ഫാറം C, ഫാറം CC, ഫാറം D എന്നിവ കക്ഷികൾക്ക് നല്കുന്ന നടപടികളും ആയത് കക്ഷികൾ കൈപ്പറ്റാത്ത സാഹചര്യത്തിൽ പതിച്ച് നടത്തേണ്ട നടപടികൾ വില്ലേജ് ഓഫീസിലെ ജീവനക്കാരുടെ കർത്തവ്യങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു.
2. കയ്യേറ്റം ഒഴിപ്പിക്കലും, പ്രശ്നക്കാരായ കയ്യേറ്റക്കാരെ അറസ്റ്റ് ചെയ്യിക്കുന്നതിനുമുള്ള സഹായ സഹകരണങ്ങൾ ഉറപ്പു വരുത്തുന്നതിനുമുള്ള നടപടികൾ വില്ലേജ് തലത്തിലെ ഉദ്യോഗസ്ഥർ മേലുദ്യോഗസ്ഥർക്ക് നല്കേണ്ടതാണ്.